# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.229    4.2.2013 ൽ മറുപടിക്ക്

### പോലീസിലെ എ.ആർ, ലോക്കൽ ലയനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) ലോക്കൽ പോലീസ് സംവിധാനം കാര്യക്ഷമമാക്കാൻ വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച എ.ആർ, ലോക്കൽ ലയനം പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | എ) പോലീസ് സേനയിൽ ആംഡ് റിസർവ്വിനെയും ജനറൽ എക്സിക്യൂട്ടിവിനേയും സംയോജിപ്പിച്ചുകൊണ്ട് 10.12.2010 ലെ ജി.ഒ(പി) നം. 268/2010/ആഭ്യന്തരം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ഇന്റഗ്രേഷൻ സംബന്ധമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) എല്ലാ ജില്ലാ പോലീസ് മേധാവികളിൽ നിന്നും കേരള സിവിൽ പോലീസിലേക്ക് പോകുന്നവരുടെ ഓപ്ഷൻ സ്വീകരിച്ചിട്ടുണ്ട്.<br>2) ഇന്റഗ്രേഷന്റെ ഭാഗമായി എ.ആർ കേഡറിൽ തുടരാൻ താൽപര്യമുള്ള ഉദ്യോഗസ്ഥർക്ക് തുടർ പ്രൊമോഷൻ നൽകുന്നതിനായി അവരുടെ പ്രൊമോഷൻ പ്രതീക്ഷിക്കുന്ന തീയതി കണക്കാക്കി നൽകുവാൻ എല്ലാ റേഞ്ച് ഐ.ജിമാർക്കും നിർദ്ദേശം നൽകുകയും അപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>3) ഇന്റഗ്രേഷന്റെ ഭാഗമായി ഓരോ പോലീസ് ജില്ലകളിലും ഒരു ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സ് വിംഗ് രൂപീകരിക്കുന്ന |

| | |
|---|---|
| | തിനുള്ള പ്ലാൻ തയ്യാറാക്കി നൽകാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>4) കേരള സിവിൽ പോലീസിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ള ഡയറക്റ്റ് റിക്രൂട്ടഡ് ആർ.എസ്.ഐമാർക്ക് പോലീസ് സ്റ്റേഷനുകളിൽ ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും 1.8.2012 മുതൽ വിവിധ സ്റ്റേഷനുകളിൽ അവർ ട്രെയിനിംഗിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) 2012-ൽ ലോക്കൽ സ്റ്റേഷനുകളിലേക്ക് പോകാതെ എ.ആർ ക്യാമ്പുകളിൽ നിൽക്കുവാൻ പോലീസുകാർക്ക് ജില്ലാ പോലീസ് മേധാവികൾ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് എത്ര കാലത്തേക്കാണ് എ.ആർ ക്യാമ്പിൽ നില നിൽക്കുവാൻ അനുമതി നൽകിയിട്ടുള്ളത്; ഇവരുടെ ലോക്കൽ ട്രാൻസ്ഫർ എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കുമോ? | ബി) ഇല്ല. |

സെക്ഷൻ ഓഫീസർ